"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെങ്ങന്നൂർ നഗരസഭാ ചെയർപേഴ്സൺ ഫയൽ ചെയ്ത WP(C) 15745/2021- ൻ മേലുള്ള ബഹു. ഹൈക്കോടതിയുടെ 13.08.2021 തീയതിയിലെ വിധിന്യായം- നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2651/2021/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 30/12/2021

---

പരാമർശം:-

1. ചെങ്ങന്നൂർ നഗരസഭാ ചെയർപേഴ്സൺ ഫയൽ ചെയ്ത WP(C) 15745/2021- ൻ മേലുള്ള ബഹു. ഹൈക്കോടതിയുടെ 13.08.2021 തീയതിയിലെ വിധിന്യായം.
2. 09.11.2021 തീയതിയിലെ സ.ഉ (സാധാ) നം. 2234/2021/തസ്വഭവ നമ്പർ ഉത്തരവ്.
3. 03.12.2021 തീയതിയിലെ സ.ഉ (സാധാ) നം. 2472/2021/തസ്വഭവ നമ്പർ ഉത്തരവ്.
4. ചെങ്ങന്നൂർ നഗരസഭാ ചെയർപേഴ്സൺ ഫയൽ ചെയ്ത CC(C) 2007/2021-ാം നമ്പർ കോടതിലക്ഷ്യം.

<u>ഉത്തരവ്</u>

ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറി ശ്രീ. എസ്.നാരായണനെ സ്ഥലം മാറ്റുന്നതിനായി , Section 48(6) of the Kerala Municipality Act, 1994 പ്രകാരം ചെങ്ങന്നൂർ നഗരസഭ കൗൺസിൽ 25.06.2021 തീയതിയിൽ എടുത്ത തീരുമാനം നടപ്പാക്കുന്നതിനായി സമർപ്പിച്ച പരാതിയിൻ മേൽ സർക്കാർ നടപടി എടുക്കണം എന്ന് ആവശ്യപ്പെട്ട് ചെങ്ങന്നൂർ നഗരസഭാ ചെയർപേഴ്സൺ WP(C) No. 15745/2021 -ാം നമ്പരായി കോടതി കേസ് ഫയൽ ചെയ്തിരുന്നു.

WP(C) No. 15745/2020 ാം നമ്പർ കോടതി കേസിലെ 13.08.2021 തീയതിയിലെ വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

' As per Section 48(6) of the Kerala Municipality Act, 1994, if the Municipal Council passes a resolution at a special meeting, the Government shall transfer the Secretary. In this case, the 3rd respondent-Municipality has passed a resolution in a special meeting. The 1st respondent (Secretary , LSGD) has initiated steps under Section 48 and has directed the 2nd respondent (DUA) to submit a report in this regard.

In such circumstances, the writ petition is disposed of directing respondents 1 (Secretary ,

LSGD) and 2 (DUA) to take a final decision in the matter with in a period of two months. The 4 th respondent ( Secretary, Chengannoor Municipality) will be at liberty to make his submission/ representations before the 1st respondent in the matter'.

കോടതി ഉത്തരവിലെ നിർദ്ദേശ പ്രകാരം ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറി ശ്രീ.എസ് .നാരായണനെ മാവേലിക്കര നഗരസഭയിലേക്ക് സ്ഥലം മാറ്റി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ഭരണ സൗകര്യാർത്ഥം ശ്രീ. എസ്. നാരായണനെ ചെങ്ങന്നൂർ നഗരസഭയിൽ തന്നെ നിലനിർത്തി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പരാമർശം (1) ലെ വിധിന്യായത്തിലെ ഉത്തരവ് സർക്കാർ നടപ്പാക്കിയില്ല എന്ന് ആരോപിച്ച് CC(C) No. 2007/2021-ാം നമ്പരായി പരാമർശം(4) പ്രകാരം ചെങ്ങന്നൂർ നഗരസഭാ ചെയർപേഴ്സൺ കോടതിയലക്ഷ്യം ഫയൽ ചെയ്തു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറി ശ്രീ.എസ് .നാരായണനെ മാവേലിക്കര നഗരസഭയിലേക്ക് സ്ഥലം മാറ്റി ഉടൻ പ്രാബല്യത്തിൽ വരും വിധം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം ചെങ്ങന്നൂർ നഗരസഭാ ചെയർപേഴ്സൺ ഫയൽ ചെയ്ത WP(C) 15745/2021 -ൻ മേലുള്ള ബഹു. ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ചെയർപേഴ്സൺ, ചെങ്ങന്നൂർ നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള.
ശ്രീ.എസ്.നാരായണൻ, മുനിസിപ്പൽ സെക്രട്ടറി, ചെങ്ങന്നൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ